## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 80** **30-11-2018 ൽ മറുപടിക്ക്**

### പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടില്ലെന്ന വ്യവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി. സി.കെ.ആശ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെങ്കിലും റവന്യൂ ഭൂമിയിൽ പട്ടയം നല്കുമ്പോൾ പട്ടികയിൽ ഉൾപ്പെടുത്തിയ മരങ്ങൾ മുറിക്കാൻ പാടില്ലെന്ന വ്യവസ്ഥ വയ്ക്കാറുണ്ടോ;<br>(ബി) അത്തരത്തിൽ പട്ടികയിൽ ഉൾപ്പെടുത്തിയ മരങ്ങൾ ഒഴികെ പിന്നീട് നടുന്നതോ കിളിർത്തു വരുന്നതോ ആയ മരങ്ങൾ മുറിക്കുന്നതിന് തടസ്സമുണ്ടോ; | (എ) & (ബി) 1964 കേരള ഭൂമി പതിവ് ചട്ട പ്രകാരം നൽകിയിരുന്ന പട്ടയത്തിൽ "അനുവദിച്ചു കിട്ടിയ സ്ഥലത്തിനകത്തുള്ളതും പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതുമായ എല്ലാ വൃക്ഷങ്ങളുടെയും പൂർണ അവകാശം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതും, പതിച്ചു കിട്ടുന്ന സമയത്തുള്ളതോ അതിനുശേഷം നിലവിലുണ്ടാകുന്നതോ ആയ ഭൂമിയിലുള്ള, അങ്ങനെയുള്ള എല്ലാ വൃക്ഷങ്ങളും പതിച്ചു കിട്ടിയ ആൾ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ 17.08.2017 ലെ ജി.ഒ (പി) നം. 60/2017/ആർ.ഡി ഭേദഗതി പ്രകാരം പട്ടയം നൽകുന്ന ഭൂമിയിലെ മരങ്ങളുടെ അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 10 (3) പ്രകാരവും 1986 ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് അക്ടിലെ സെക്ഷനുകൾ 4, 22 എന്നിവ പ്രകാരവുമാണെന്ന് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. |
| (സി) ഇക്കാര്യത്തിൽ നിലനില്ക്കുന്ന അവ്യക്തത നീക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) ഇക്കാര്യത്തിൽ അവ്യക്തത ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ